കുരുന്നുകരങ്ങൾക്ക് ഒരു സമ്മാനപ്പൊതി:-ഗാന്ധിജയന്തി ആഘോഷം ദത്ത് ഗ്രാമത്തിൽ

---

1947 ആഗസ്റ്റ് 14-ന് അർദ്ധരാത്രി ഇന്ത്യക്ക് സ്വാതന്ത്ര്യം ലഭിച്ച വേളയിൽ നമ്മുടെ രാഷ്ട്രപിതാവ് മഹാത്മാ ഗാന്ധി അദ്ദേഹത്തിന്റെ സ്വപ്നത്തിലെ ഇന്ത്യയെ സംബന്ധിച്ചുള്ള കാഴ്ചപ്പാട് വ്യക്തമാക്കിയിരുന്നു. അതിൽ ഏറെ പ്രസക്തമായ ഗ്രാമങ്ങളുടെ ഉന്നമനത്തിനായി വർക്കല ശിവഗിരി ശ്രീനാരായണ കോളേജിലെ എൻ.എസ്.എസ് യൂണിറ്റ് (16(A B)) കഴിഞ്ഞ മൂന്ന് വർഷമായി ദത്ത് ഗ്രാമത്തിൽ സൗജന്യ ട്യൂഷൻ എടുത്തു വരുകയാണ്. എന്നാൽ ഈ വർഷം കൊറോണ മഹാമാരിയുടെ പിടിയിൽ പെട്ട് പദ്ധതി തുടരാൻ കഴിഞ്ഞില്ലെങ്കിലും ദത്ത് ഗ്രാമത്തിലെ വിദ്യാർത്ഥികളുടെ പഠനപ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി സമകാലിക പ്രാധാന്യമുള്ള സാമൂഹിക അകലവും മറ്റ് കോവിഡ് മാനദണ്ഡങ്ങളും അനുസരിച്ച് 2020 ഒക്ടോബർ 2 ,151-)0 ഗാന്ധി ജയന്തി ദിനത്തിൽ പഠനോപകരണങ്ങൾ വിതരണം ചെയ്തു. ചടങ്ങിൽ ബഹുമാന്യ പ്രിൻസിപ്പൽ ഡോ. പ്രീത കെ.സി , IQSC കോ- ഓർഡിനേറ്റർ ഡോ. ബബിത ജി. എസ്, മുൻ പ്രിൻസിപ്പൽ ജോളി .എ പ്രോഗ്രാം ഓഫീസർ മാരായ സുമേഷ് പി.കെ, വീനസ്. സി.എൽ   എന്നിവർ പങ്കെടുത്തു.





